## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** — **16.03.2015-ന് മറുപടിക്ക്**

**അൽട്ടീരിയ 2014**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എം. ഉമ്മർ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | വലിയ നഗരങ്ങൾ സൗന്ദര്യവത്ക്കരിക്കുന്നതിനുള്ള പദ്ധതികളെന്തെങ്കിലും നഗരകാര്യ വകുപ്പ് പരിഗണിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) | പ്രത്യേകിച്ച് പദ്ധതിയൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| ബി) | തലസ്ഥാന നഗരത്തിന്റെ തനത് സൗന്ദര്യവും സാംസ്കാരിക പൈതൃകവും സംരക്ഷിച്ച് നിലനിർത്തുന്നതിനായി പ്രഖ്യാപിച്ച 'അൽട്ടീരിയ 2014' എന്ന പദ്ധതിയുടെ കാര്യത്തിൽ വകുപ്പിന്റെ സഹകരണം തേടിയിട്ടുണ്ടോ; | ബി) | 'അൽട്ടീരിയ 2014' എന്ന പേരിലുള്ള ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള പാതയുടെ ഇരുവശത്തുമുള്ള ചുവരുകൾ പ്രഗൽഭരായ ചിത്രകാരൻമാരുടെ നേതൃത്വത്തിൽ ചുവർചിത്രങ്ങളാൽ അലങ്കരിച്ച് നഗരസൗന്ദര്യം വർദ്ധിപ്പിക്കുന്നതിനുദ്ദേശിച്ച് **ആർട്ടീരിയ 2014** എന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം ടൂറിസം വകുപ്പ് പരിശോധിച്ചു വരുന്നു. |
| സി) | നഗരങ്ങളുടെ വികസനപ്രക്രിയയിൽ അവയുടെ തനത് സൗന്ദര്യവും പഴമയും സാംസ്കാരിക പൈതൃകവും നിലനിർത്തേണ്ടത് വിനോദസഞ്ചാരമുൾപ്പെടെയുള്ള മേഖലകളുടെ സമൂല വളർച്ചക്ക് അത്യന്താപേക്ഷിതമായതിനാൽ അൽട്ടീരിയ 2014 പോലുള്ള പദ്ധതികൾ വിവിധ വകുപ്പുകളുടെ സഹകരണത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുമോ ? | സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ